ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പോർട്ട്സ് കാട്ടയിൽ നിയമനം നൽകിയിട്ട് ജോലിയിൽ പ്രവേശിക്കാതിരുന്ന ആറു പേരുടെ ഒഴിവുകളിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നൽകിയിട്ടുണ്ട്. ഇവരെ ജില്ലാ അടിസ്ഥാനത്തിലല്ല, സംസ്ഥാനാടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. ഇപ്രകാരം നിയമിക്കപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

(1) ശ്രീമതി കെ. ജെ. ജെസ്റ്റി, അസിസ്റ്റന്റ് ഗ്രേഡ്-2, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

(2) ശ്രീമതി എസ്. എൽ. മിനി, എൽ. ഡി. ക്ലാർക്ക്, ലാൻഡ് റവന്യൂ വകുപ്പ്.

(3) ശ്രീമതി ഹരിത എസ്. കുറുപ്പ്, എൽ. ഡി. ക്ലാർക്ക്, ജലസേചന വകുപ്പ്. (ജോലിയിൽ പ്രവേശിച്ചിട്ടില്ല)

(4) ശ്രീ. എൻ. പി. സാന്റി, എൽ. ഡി. ക്ലാർക്ക്, കൃഷിവകുപ്പ്.

(5) ശ്രി. ജി. ബി. രാജേഷ്, എൽ. ഡി. ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പ്.

(6) ശ്രീ. എൽ. വിനോദ് കുമാർ, അസിസ്റ്റന്റ് ഗ്രേഡ്-2, അഡ്മിനി സ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്.

(ബി) കായിക കാട്ടാ നിയമനത്തിനുവേണ്ടി പുറപ്പെടുവിക്കുന്ന വിജ്ഞാപന ത്തിലെ മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നടത്തിയതായി പരാതികൾ ലഭിച്ചിട്ടില്ല.

(സി) നിലവിലുള്ള നിയമം അനുസരിച്ച് കായിക കാട്ടയിൽ പ്രതിവർഷം 20 പേർക്ക് സർക്കാർ സർവ്വീസിൽ നിയമനം നടത്തുവാനേ വ്യവസ്ഥയുള്ളൂ. എന്നാൽ ഇതു വർദ്ധിപ്പിച്ച് 40 ആക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിശോധിച്ചുവരുന്നു.

നിലച്ചുപോയ ഫുട്ബോൾ ടൂർണ്ണമെന്റുകൾ പുനരാരംഭിക്കാൻ നടപടി

132 [3006] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അറിയപ്പെട്ടിരുന്ന ടീമുകളെ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനത്ത് പ്രസിദ്ധമായ ഫുട്ബോൾ ടൂർണ്ണമെന്റുകൾ നടത്തിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫുട്ബോൾ ടൂർണ്ണമെന്റുകൾ ഏതൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ ടൂർണ്ണമെന്റുകൾ ഇടക്കാലത്ത് നിലച്ചുപോയതിന്റെ കാരണം വ്യക്തമാക്കാമോ; ഫുട്ബോൾ പ്രേമികളുടെ ആവശ്യവും താൽപ്പര്യവും കണക്കിലെടുത്ത് നിലച്ചുപോയ ഈ ഫുട്ബോൾ മത്സരങ്ങൾ പൊതുമേഖലാ-സ്വകാര്യ സ്ഥാപനങ്ങളുടെ സ്പോൺസർഷിപ്പോടെ ആരംഭിക്കുന്നതിന് മുൻകൈ എടുക്കുമോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഫുട്ബോൾ ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നു വ്യക്തമാക്കുമോ;

(ഇ) ഗ്രാമങ്ങളിലും നഗരങ്ങളിലും ഫുട്ബോൾ ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിന് ക്ലബ്ബുകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും ആവശ്യമായ ധനസഹായം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവ താഴെ പറയുന്നവയായിരുന്നു:

(1) ജി. വി. രാജാ ഫുട്ബോൾ ടൂർണ്ണമെന്റ്

(2) ഉണ്ണി മെമ്മോറിയൽ ഫുട്ബോൾ ടൂർണ്ണമെന്റ്

(3) ഗോൾഡൻ ജൂബിലി ഫുട്ബോൾ ടൂർണ്ണമെന്റ്

(4) മാമ്മൻ മാപ്പിള ഫുട്ബോൾ ടൂർണ്ണമെന്റ്

(5) നെഹ്റു ട്രോഫി ഫുട്ബോൾ ടൂർണ്ണമെന്റ്

(6) ചക്കോളാ ട്രോഫി ഫുട്ബോൾ ടൂർണ്ണമെന്റ്

(7) സേഠ് നാഗ്ജി ഫുട്ബോൾ ടൂർണ്ണമെന്റ്

(8) ശ്രീനാരായണ ഫുട്ബോൾ ടൂർണ്ണമെന്റ്

(സി) സാമ്പത്തിക ബുദ്ധിമുട്ടുകളാണ് ടൂർണ്ണമെന്റുകൾ നിലച്ചുപോയതിനുള്ള പ്രധാന കാരണം. നിലച്ചുപോയ ഫുട്ബോൾ ടൂർണ്ണമെന്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി അവരുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും നൽകി വരുന്നുണ്ട്.

(ഇ) കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടി ക്ലബ്ബുകൾക്ക് 50,000 രൂപയും പഞ്ചായത്തുകൾക്ക് 3 (മൂന്ന്) ലക്ഷം രൂപ വരേയും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഇപ്പോൾത്തന്നെ കൗൺസിലിൽ നിലവിലുണ്ട്. കൂടാതെ, അനുയോജ്യമായ അപേക്ഷകൾ ലഭിച്ചാൽ 50 ശതമാനം കേന്ദ്ര ധനസഹായ പദ്ധതിയിൽപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാവുന്നതുമാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

21-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത 2934, 2947, 2948, 2949, 2974, 2975, 2976, 2980, 2983, 2984, 2994 എന്നീ ചോദ്യങ്ങളു[illegible] ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly